# Catholic Life

DA PACEM DOMINE, IN DIEBUS NOSTRIS

2023

October

## Bulletin

## Diocese of Alleppey




"ഉൾച്ചുഴികൾ" എന്ന പുസ്തകം
രചിച്ച സെന്റ് മൈക്കിൾസ്
കോളേജ് മുൻ പ്രിൻസിപ്പാൾ
**പ്രൊഫ. മേരിക്കുട്ടി ബാബുവിന്**
അഭിനന്ദനങ്ങൾ





"തീരം ഒരു വീണ്ടെടുപ്പിന്റെ
ഓർമ്മ" എന്ന പുസ്തകം രചിച്ച
ഓമനപ്പുഴ, സെന്റ് ഫ്രാൻസിസ്
സേവ്യർ ഇടവകാംഗമായ
**സി. ഷൈൻ ബ്രിജിറ്റ് CSST യ്ക്ക്**
അഭിനന്ദനങ്ങൾ







"സഹനവഴിയിൽ-വി. ദേവസഹായം-
സ്മരണ്ണിയവ്യക്തികളും
തീർത്ഥാടന കേന്ദ്രങ്ങളും" എന്ന
പുസ്തകം രചിച്ച ആലപ്പുഴ
തത്തംപള്ളി വേളാങ്കണ്ണിമാതാ
ഇടവകാംഗം
**ശ്രീ. രതീഷ് ഭജനമഠത്തിന്**
അഭിനന്ദനങ്ങൾ





"ക്രിസ്തുവിന്റെ പരിമളം"
എന്ന പുസ്തകം രചിച്ച
ആലുവ കാർമ്മൽഗിരി
സെമിനാരി ധാർമ്മിക
ദൈവശാസ്ത്ര അധ്യാപകൻ
**റവ. ഫാ. ജോസഫ് ജോയ്**
**അറയ്ക്കലിന്** അഭിനന്ദനങ്ങൾ



# Catholic Life


**Bulletin**

**Diocese of Alleppey**

**Website : www.dioceseofalleppey.com**

**E-mail: curia.alleppey@gmail.com**

**Ph: 0477 2243363, +91 8289868069**

Patron:

**Bishop James Raphael Anaparambil**

BISHOP OF ALLEPPEY

Editor:

**Fr. Jobin Joseph Panackal**

Vol. 91 October 2023 No.10


## *In this Issue*


| | | | |
|---|---|---|---|
| 1. | ഫ്രാൻസിസ് പാപ്പയുടെ സന്ദേശം | .... | 03 |
| 2. | New Appointment | .... | 13 |
| 3. | വൈദികമാസയോഗ റിപ്പോർട്ട് | .... | 14 |
| 4. | രൂപത ഡയറി | .... | 16 |
| 5. | Engagements of the Bishop | .... | 19 |
| 6. | ADC & SW Society | .... | 21 |
| 7. | സുവിശേഷഭവൻ | .... | 25 |
| 8. | ഹെൽത്ത് കമ്മീഷൻ | .... | 28 |
| 9. | കമ്മീഷൻ ഫോർ ചിൽഡ്രൻ | .... | 29 |
| 10. | കെസിവൈഎം | .... | 30 |
| 11. | ബൈബിൾ കമ്മീഷൻ | .... | 31 |
| 12. | ഫാമിലി അപ്പോസ്തലേറ്റ് | .... | 32 |
| 13. | കെ.എൽ.സി.എ. | .... | 33 |
| 14. | BCC | ... | 34 |

## Requiescat in Pace

| Name | Date of Demise |
|---|---|
| Msgr Joseph Thekkepalackal | 05th October |
| Fr. Sebastian Arackal | 08th October |
| Fr. Dixon Palliparambil | 10th October |
| Fr. Solomon Charanghatt | 08th October |
| Msgr Reynold Purackal | 14th October |
| Fr James Kandanatt | 17th October |
| Fr George Karumancherry | 21st October |
| Fr Justine Karumancherry | 31st October |

## Let us Remember, Congratulate and Pray...

| Name | Birthday |
|---|---|
| Fr Paul J Arackal | 02nd October |
| Fr Babu Paul OCD | 03rd October |
| Fr Cyrus Thomas Kattungalthayil | 05th October |
| Fr Antony Jacob Panajikal | 07th October |
| Fr Joseph Fernandez | 07th October |
| Fr Clifflent Fernandez | 11th October |
| Fr Antony Kattikatt | 12th October |
| Fr Solomon Charangatt | 12th October |
| Fr Michael George Arayanparambil | 18th October |
| Fr Stanley Pius Kattungalthayil | 19th October |
| Fr Joseph Marakkassery | 21st October |
| Fr Thomas Maniyapozhiyil | 22nd October |
| Fr Thobias Thekkepalackal | 23rd October |
| Fr Thomas Shaiju Chirayil | 24th October |
| Fr Samson Anjiliparambil | 28th October |

## Anniversay of Priestly Ordination

| | |
|---|---|
| Fr Antony Jacob Pananjikal | 31-10-1990 |
| Fr Jackson James Sch.P. | 31-10-2015 |

No: 3918/K-5/KCBC/OL/DS 14.09.2023

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023 ആഗോള പ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

### ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ

(ലൂക്കാ 24: 13-35 കാണുക)

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ," എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ട് ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്ക് തിരികെ പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു" എന്ന് പ്രഖ്യാപിക്കാനുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്ക് ഉണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിൽ ഉണ്ടായ വ്യത്യാസത്തിലേക്ക് സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: യേശു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയിരുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, "അവരുടെ പാദങ്ങൾ പാത പുൽകി." പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവൽക്കരണ പ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്ക് നവീകരിക്കാം.

1. "അവൻ നമുക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുക ആയിരുന്നു. നമ്മുടെ

പ്രേഷിത പ്രവർത്തനത്തിൽ ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ പരാജയ പശ്ചാത്തലത്തിൽ അവിടന്ന് മിശിഹാ ആണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

“അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തുകൊണ്ടുപോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്രചെയ്തു”(വാ. 15). ആദ്യശിഷ്യരെ വിളിച്ച വേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീപിച്ച്, അവരുടെ കൂടെനടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടത്തേക്ക് നമ്മോട് ഒരിക്കലും മടുപ്പ് തോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം “ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും” (വാ. 25) ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിത ശിഷ്യരോട് ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്ക് ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, “പ്രത്യാശ മോഷ്ടിക്കപ്പെട്ടവരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം” *(സുവിശേഷത്തിന്റെ സന്തോഷം,* [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായവനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോട് സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ

ദൗത്യത്തിന് മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർത്തകരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകംമുഴുവനുള്ള എല്ലാ സ്ത്രീ പുരുഷന്മാരെയും എന്റെ സാമിപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂര നാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്ന് കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവും ആണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടന്ന് പറഞ്ഞത് നമുക്ക് വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ട് ശിഷ്യരെ ശ്രവിച്ചശേഷം, "മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?" ( വാ. 32). യേശുതന്നെയാണ് ജീവിക്കുന്ന വചനം; അവിടത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: "വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" (*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [*Commentary on Isaiah*, Prologue]). "കർത്താവ് നമുക്കത് വ്യാഖ്യാനിച്ചുതന്നില്ലെങ്കിൽ, വിശുദ്ധ ലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് കഴിയുക യില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും" (*അവൻ അവർക്ക് തുറന്നുകൊടുത്തു*, 1 [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളും ആയിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിന് മറ്റുഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്ക് വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുതരുന്നതിനാൽ അവിടന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്ന് നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്ന് നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്ക് ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽനിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

2. അപ്പം മുറിച്ചപ്പോൾ "ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു." ദിവ്യകാരുണ്യത്തിലെ യേശു നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയും ആണ്.

ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്ക് പോയ ശിഷ്യർ

നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്നനേരം അവിടന്ന് അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായക ഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികൾ ആണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദ ഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കരികിൽ ഇരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച അതേ നിമിഷംതന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾതന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേസമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിതശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ

ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിതപ്രവൃത്തിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിതപ്രവർത്തനം അല്ലേ? കാരണം, ക്രിസ്തു തന്നെയാണ് മുറിക്കപ്പെടുന്നത്; അത് പ്രേഷിതപ്രവർത്തനത്തിന്റെ സമുന്നതഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉറവയും ഉച്ചിയും ആണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാം പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ: “ദിവ്യകാരുണ്യ കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്ക് സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണം എന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിനു ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തിന്റെയും ഉറവിടവും അത്യൂച്ചസ്ഥാനവുമാണ്: ‘യഥാർത്ഥ ദിവ്യകാരുണ്യപരമായ സഭ ഒരു പ്രേഷിത സഭയാണ്’”(*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യപ്പെട്ടിരിക്കണം (യോഹ 15;4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥനവഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണെല്ലോ! ക്രിസ്തുവുമായുള്ള ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിതശിഷ്യന് ഒരു പ്രവർത്തനനി

രതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്ക്പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്ക 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്ക്പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും"' (ലൂക്ക 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് സന്തോഷപൂർവ്വം സംസാരിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്ക് ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്. അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ "ഉടനെ തന്നെ ജറുസലേമിലേക്ക് തിരികെ പോയി" (ലൂക്കാ 24:33 കാണുക). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു. അവിടന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദിക്കുന്നവർ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നിവയിൽ നിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. യേശുക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യുന്നു" (സുവിശേഷത്തിന്റെ സന്തോഷം, 1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ പ്രേഷിതദൗത്യത്തിന് പ്രഥമവും പ്രധാനവുമായ വിഭവം എന്ന് പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാരപൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്ക് സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതകളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes)* സനാതന സാധ്യതയെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമിയുടെ അതിർത്തികൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷ വൽക്കരിക്കുക എന്ന് പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന് മറ്റെന്നേക്കാളും ഉപരി സമാധാനത്തിന്റെ സദ്വാർത്തയും ക്രിസ്തുവിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14). നാം വ്യക്തികൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും പ്രേഷിത ദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ

മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃക ആയിരിക്കുന്നത് പ്രേഷിതപ്രവർത്തനം തന്നെയാണ്" (സുവിശേഷത്തിന്റെ സന്തോഷം, 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു (2 കോറി 5:14 കാണുക). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അത് നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു: "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്" (2 കോറി 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിതദൗത്യത്തിനോട് സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെ ഭൗതിക കാഴ്ചവസ്തുക്കൾ, നമ്മുടെ സഹന ത്തിലുള്ള കാഴ്ചവയ്പ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവവഴി. ഭൗതികവും ആധ്യാത്മിക വുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോക മിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസ പ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിക്ക് (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറി പ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ളതുമായ പ്രേഷിതസഹകരണത്തിന് നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ

സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മക സഞ്ചാരത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരം എന്ന് പറയുന്നത് സഭ തന്നിലേക്ക്തന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്ത് വിശ്വസിക്കുയും എന്ത് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷീകമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവും അല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന ഭാവമാണ് സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചുതരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്ക് വരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടത്തെ ദൗത്യം നമുക്ക് നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യർ മറ്റുള്ളവരോട് പറഞ്ഞതുപോലെ (ലൂക്കാ 24:35 കാണുക) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെക്കുറിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചും ആയിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്ക് വീണ്ടും ഇറങ്ങിപുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങിചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ച് സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിതരംഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവ ദിനത്തിൽ, 2023 ജനുവരി ആറാം തീയതി നൽകിയത്.

**† ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

## New Appointment

Rev. Fr Jude Joseph Kondappassery is appointed as the **Chancellor of the Diocese of Alleppey** with effect from 24 September 2023.

**"ഇശോയുടെ തിരുഹൃദയത്തിൽ സ്പർശിക്കുവാൻ ശക്തിയുള്ള ആയുധമാണ് ജപമാല, എന്തെന്നാൽ രക്ഷകനായ യേശു മാതാവിനെ അത്രയധികം സ്നേഹിക്കുന്നു."**

***- വി. ലൂയിസ് ഡി മോൺഫോർട്ട്***



# 2023 സെപ്റ്റംബർ മാസത്തെ വൈദിക മാസയോഗ റിപ്പോർട്ട്

സെപ്റ്റംബർ മാസത്തെ വൈദികരുടെ മാസധ്യാനവും സമ്മേളനവും 13-ാം തിയതി ബുധനാഴ്ച രാവിലെ 10.00 മണിക്ക് കർമ്മസദൻ പാസ്റ്ററൽ സെന്ററിൽവച്ച് നടന്നു. ദിവ്യകാരുണ്യ ആരാധനയോടെ മാസധ്യാനം ആരംഭിച്ചു. ഫാ. സിറിയക്ക് കോട്ട യിൽ നേതൃത്വം നൽകി. പുരോഹിതർ തങ്ങളുടെ പൗരോ ഹിത്യ കർമ്മങ്ങളിൽ ദൈവത്തോടൊപ്പം ചേർന്നു നടക്കണ മെന്നും ദൈവത്തോടൊപ്പം ആയിരിക്കണം എന്നും അച്ചൻ ഓർമ്മിപ്പിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് ശേഷമുള്ള വൈ ദികരുടെ യോഗത്തിൽ അഭിവന്ദ്യപിതാവ് വിദേശത്ത് സേവനം പൂർത്തികരിച്ച് തിരികെ രൂപതയിലേയ്ക്ക് എത്തിയ ബഹുമാ നപ്പെട്ട വൈദികരെ സ്വാഗതം ചെയ്തു.

2023 ൽ കേരളസഭാ നവീകരണവുമായി ബന്ധപ്പെട്ട് വല്ലാർപാടം ബസിലിക്കയിൽ നടത്താനിരുന്ന ദിവകാരുണ്യ കോൺഗ്രസ് അതാത് രൂപതകളിലേയ്ക്ക് മാറ്റിയതായി അഭി വന്ദ്യപിതാവ് അറിയിച്ചു. ഇതേ തുടർന്ന് നമ്മുടെ രൂപതയിൽ ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കേണ്ട ആവശ്യകതയെ പ്പറ്റിയും അത് നടത്തേണ്ട തിയതികളെപ്പറ്റിയും ചർച്ച ചെയ്തു. എല്ലാ ഇടവകകളിലും ദിവ്യകാരുണ്യ കോൺഗ്രസുമായി ബന്ധ പ്പെടുത്തി ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള ക്ലാസ്സുകളും ദിവ്യകാ രുണ്യ ആരാധനയും നടത്തുവാൻ തീരുമാനിച്ചു. രൂപതയിലെ ദിവ്യകാരുണ്യ കോൺഗ്രസിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായി ക്യാറ്റിക്കിസം അസി. ഡയറക്ടർ ബഹു. ജെസ്ലിൻ ജോസ് പുന്നക്കൽ അച്ചന്റെ നേതൃത്വത്തിൽ ഒരു സെക്രട്ടറിയേറ്റ് രൂപീ കരിച്ചതായി അഭിവന്ദ്യപിതാവ് യോഗത്തിൽ അറിയിച്ചു. ദിവ്യ കാരുണ്യ കോൺഗ്രസ്സുമായി ബന്ധപ്പെട്ട ക്ലാസുകളും എല്ലാ ഇടവകകളിലും നടത്തുന്നതിനായി ഒരു റിസോഴ്സ് ടീമിനെ രൂപികരിക്കണമെന്ന് ബഹുമാനപ്പെട്ട പോൾ കൊച്ചീക്കാരൻ

അച്ചൻ ആവശ്യപ്പെട്ടു. ഇതിനെ തുടർന്ന് ബഹുമാനപ്പെട്ട മോൺ. ജോയ് പുത്തൻവീട്ടിലിനെയും ബഹുമാനപ്പെട്ട ജോൺസൺ പുത്തൻവീട്ടിൽ അച്ചനെയും റിസോഴ്സ് ടീം രൂപീകരിക്കുവാനുള്ള ചുമതല അഭിവന്ദ്യപിതാവ് ഭരമേൽപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ കെ.ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ജനജാഗരൺ സംഗമം നമ്മുടെ രൂപതയിൽ നവംബർ 26-ാം തിയതി ആണെന്നും അന്നേദിവസം ഇടവകയിലെ മറ്റു പ്രോഗ്രാമുകളൊക്കെ ക്രമീകരിച്ചുകൊണ്ട് പരമാവധി ആളുകളെ ഇതിൽ പങ്കെടുപ്പിക്കണമെന്നും ബഹുമാനപ്പെട്ട മോൺസിഞ്ഞോർ വൈദിക സമൂഹത്തെ അറിയിച്ചു. തുടർന്ന് സംസാരിച്ച ജോൺസൺ പുത്തൻവീട്ടിലച്ചൻ ഈ പരിപാടി വരുന്ന തിരഞ്ഞെടുപ്പിന്റെ മുന്നോടിയായിട്ട് നമ്മുടെ ആവശ്യങ്ങൾ സർക്കാരിനെ ഓർമ്മപ്പെടുത്തുവാനും ജനപ്രതിനിധികളെ അറിയിക്കുവാനുമുള്ള അവസരമായി കാണണമെന്നും അതിനാൽ ഇതിന്റെ വിജയത്തിനായി എല്ലാ വൈദികരും സഹകരിക്കണമെന്നും അഭ്യർത്ഥിച്ചു.

തുടർന്ന് ആലുവ കാർമ്മൽഗിരി സെമിനാരി ധാർമിക ദൈവശാസ്ത്ര അധ്യാപകനും നമ്മുടെ രൂപത അംഗവുമായ ബഹുമാനപ്പെട്ട ജോസഫ് ജോയ് അറക്കലച്ചൻ രചിച്ച 'ക്രിസ്തുവിന്റെ പരിമളം' എന്ന ഗ്രന്ഥം അഭിവന്ദ്യപിതാവ് പ്രകാശനം ചെയ്യുകയും ആദ്യ പ്രതി വെരി റവ. മോൺ. ജോയ് പുത്തൻവീട്ടിലിനു കൈമാറുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട ജോൺസൺ പുത്തൻവീട്ടിൽ അച്ചൻ പുസ്തകത്തിന്റെ ഉള്ളടക്കം എല്ലാവരെയും പരിചയപ്പെടുത്തി. എല്ലാവരുടെയും സഹകരണത്തിന് ബഹുമാനപ്പെട്ട ജോസഫ് ജോയ് അച്ചൻ നന്ദി അറിയിച്ചു. തുടർന്ന് പ്രാർത്ഥനയോടും ഉച്ചഭക്ഷണത്തോടും കൂടെ വൈദിക യോഗം പര്യവസാനിച്ചു.

# രൂപത ഡയറി

**ആഗസ്റ്റ് 21:**

രാവിലെ 10 മണിക്ക് നടത്തപ്പെട്ട രൂപത കൺസൾട്ടേഴ്സ് മീറ്റിംഗ് അരമനയിൽ വെച്ച് നടന്നു.

**ആഗസ്റ്റ് 25:**

രാവിലെ 11 മണിക്ക് സാന്ത്വൻ സ്പെഷ്യൽ സ്കൂളിന്റെ ഓണാഘോഷത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

വൈകുന്നേരം 5.30 ന് കൈതവന ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ചു.

**ആഗസ്റ്റ് 26–27:**

അഭിവന്ദ്യപിതാവ് അർത്തുങ്കൽ റീത്താലയം ചാപ്പലിൽ ഇടയസന്ദർശനം നടത്തി.

**ആഗസ്റ്റ് 27:**

വൈകുന്നേരം 4.30 ന് സെന്റ് മൈക്കിൾസ് കോളേജിന്റെ മുൻ പ്രിൻസിപ്പാൾ ആയിരുന്ന മേരിക്കുട്ടി ടീച്ചറിന്റെ പുസ്തകം “ഉൾച്ചുഴികൾ” അഭിവന്ദ്യപിതാവ് പ്രകാശനം ചെയ്തു.

**ആഗസ്റ്റ് 29:**

വൈകുന്നേരം കൂരിയ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വെച്ച് നടന്നു.

**ആഗസ്റ്റ് 30:**

രാവിലെ 9.00 മണിക്ക് ആലുവ കാർമ്മൽഗിരി സെമിനാരിയിൽ വെച്ചു നടന്ന കെ. ആർ. എൽ. സി. ബി. സി. മീറ്റിംഗിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

വൈകിട്ട് 5.00 മണിക്ക് Lectio Divina യോഗത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**സെപ്റ്റംബർ 1:**

ഉച്ചയ്ക്ക് 2.00 മണിമുതൽ അഭിവന്ദ്യപിതാവ് വിവിധ കോൺവെന്റുകൾ സന്ദർശിച്ചു

**സെപ്റ്റംബർ 2:**

രാവിലെ 9.30 ന് കടലിന്റെ മീറ്റിംഗിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

വൈകുന്നേരം 6.00 മണിക്ക് അഭിവന്ദ്യപിതാവ് ചേർത്തല മുട്ടംപള്ളിയിൽ വെച്ചു നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

**സെപ്റ്റംബർ 3–8:**

കൊച്ചി രൂപത വൈദികരുടെ ധ്യാനം അഭിവന്ദ്യപിതാവ് നയിച്ചു.

**സെപ്റ്റംബർ 9:**

രാവിലെ 10.00 മണിമുതൽ രൂപത അജപാലന സമിതി മീറ്റിംഗിൽ കർമസദൻ പാസ്റ്ററൽ സെന്ററിൽവെച്ച് നടന്നു.

**സെപ്റ്റംബർ 10–15:**

കൊച്ചി രൂപത വൈദികരുടെ സെക്കന്റ് ബാച്ചിന്റെ ധ്യാനം അഭിവന്ദ്യപിതാവ് നയിച്ചു.

**സെപ്റ്റംബർ 13:**

വൈദികരുടെ മാസയോഗത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

വൈകുന്നേരം 3.00 മണിക്ക് ചേർത്തല സേക്രട്ട് ഹാർട്ട് സെമിനാരിയിൽ വൈദികവിദ്യർത്ഥികളുമായി അഭിവന്ദ്യപിതാവ് കൂടിക്കാഴ്ച നടത്തി.

**സെപ്റ്റംബർ 16:**

ചങ്ങനാശ്ശേരിയിൽ വെച്ചുനടന്ന റീജണൽ ബിഷപ്സ് കോൺഫറൻസിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**സെപ്റ്റംബർ 18:**

മാനാശ്ശേരിയിൽ അജയ് ജെയിംസ് തെങ്ങയത്ത്പുത്തൻ വീടിന്റെയും മേരി അഞ്ചു അറയ്ക്കലിന്റെയും വിവാഹം അഭിവന്ദ്യ പിതാവ് ആശിർവദിച്ചു.

ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ വിവിധ കോൺവെന്റുകളിൽ അഭിവന്ദ്യപിതാവ് സന്ദർശനം നടത്തി.

**സെപ്റ്റംബർ 19:**

ഉച്ചകഴിഞ്ഞ് 3.00 മണിമുതൽ കൂരിയ മീറ്റിംഗ് ബിഷപ്സ് ഹൗസിൽവെച്ച് നടന്നു.

**സെപ്റ്റംബർ 20:**

വൈകിട്ട് 5.00 മണിക്ക് Lectio Divina യോഗത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**സെപ്റ്റംബർ 21:**

വഴിച്ചേരി സെന്റ് ആന്റണീസ് ചാപ്പലിൽ അഭിവന്ദ്യ പിതാവ് ദിവ്യബലിയർപ്പിച്ചു.

**സെപ്റ്റംബർ 22:**

ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ അഭിവന്ദ്യപിതാവ് വിവിധ കോൺവെന്റുകൾ സന്ദർശിച്ചു.

**സെപ്റ്റംബർ 23-24:**

വലിയകലവൂർ, സെന്റ് ജോസഫ് ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ഇടയസന്ദർശനം നടത്തി.

## Day of Adoration


| | | |
|---|---|---|
| **02nd October** | : | St. Antony's Church, Ezhupunna |
| **20th October** | : | Sacred Heart Church, Mayithara |
| **21st October** | : | St. Jude's Church, Vanaswargam |

# Engagements of the Bishop
# October 2023

| Date | Time | Programme |
|---|---|---|
| Oct. 1 | 03.30 pm | Feast Mass at Kattoor |
| Oct. 2 | 03.00 pm | Curia Meeting |
| Oct. 4 | 10.30 am | FFA Golden Jubilee at Mount Carmel Cathedral, Alleppey |
| | 05.00 pm | Lectio Divina |
| Oct. 5 | 06.30 pm | Feast Mass at Kattiparamb Church, Kochin |
| Oct. 7 | 10.00 am | Heritage Commission Seminar |
| Oct. 8 | | Pastoral Visit at Parayakadu |
| Oct. 10 | 03.00 pm | Curia Meeting |
| Oct. 11 | 10.00 am | Diocesan Day and Priests Conference |
| | 05.00 pm | Lectio Divina |
| Oct. 14 | 10.00 am | Introducing Lectionary to Lectors at Karmasadan |
| | 12.00 pm | Meeting the Procalamation Commission Leaders at Karmasadan |
| | 03.00 pm | Basilica Committee Meeting at Bishop's House |
| Oct. 15 | 11.00 am | Doctor's Day Celebration at Karmasadan |
| Oct. 17 | | KRLCBC Meeting at Varappuzha |
| | 03.00 pm | Curia Meeting |
| Oct. 18 | 05.00 pm | Lectio Divina |

| | | |
|---|---|---|
| Oct. 21-22 | | Pastoral Visit at Kattoor |
| | 04.00 pm | KCYM Jubilee Celebration |
| Oct. 24 | 11.00 am | Vincent De Paul Annual Day Celebration at Arthunkal |
| | 01.00 pm | Blessing of Samaria Old Age Home at Kumbalanghi |
| | 03.00 pm | Curia Meeting. |
| Oct. 25 | 10.00 am | Diocesan Finance Council Meeting |
| Oct. 26-31 | | Out of Station |

## THE POPE’S INTENTION FOR OCTOBER 2023



### For the Synod

We pray for the Church, that she may adopt listening and dialogue as a lifestyle at every level, and allow herself to be guided by the Holy Spirit towards the peripheries of the world.

**“പരിശുദ്ധ ജപമാല ശക്തമായ**
**ആയുധമാകുന്നു. ആത്മവിശ്വാസത്തോടെ**
**അതുപയോഗിക്കുക.**
**നിങ്ങൾ അതിന്റെ ഫലങ്ങളാൽ**
**അതിശയിക്കപ്പെടും.”**

***– വി. ജോസ് മരിയ എസ്ക്രീവാ***



# ADC & SW SOCIETY NEWS
## ആലപ്പുഴ രൂപതാ സൊസൈറ്റിയുടെ 2023 ഓഗസ്റ്റ് മാസത്തെ പ്രവർത്തന റിപ്പോർട്ട്

**കോൾപിംഗ് ആലപ്പുഴ**

**നേത്ര പരിശോധന ക്യാമ്പ്**

കാട്ടൂർ വി വൺ കോൾപിംഗ് യൂണിറ്റിന്റെയും പാലാരിവട്ടം ചൈതന്യ ഐ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്ര പരിശോധന, തിമിര ശസ്ത്രക്രിയ ക്യാമ്പ് സംഘടിപ്പിച്ചു. 2023 ഓഗസ്റ്റ് 20 നു കാട്ടൂർ ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തിയ പരിപാടിയിൽ ഇരുന്നൂറോളം പേർ പങ്കെടുത്തു.

**ആയുർവേദ മെഡിക്കൽ ക്യാമ്പ്**

ഗോൾഡൻ ചാരിറ്റബിൾ ട്രസ്റ്റിന്റെയും, ശ്രീരുദ്ര ആയുർവേദ ആശുപത്രിയുടെയും സഹകരണത്തോടു കൂടി, കാളാത്ത് സെന്റ് പോൾ കോൾപിംഗ് യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവൽകരണവും നടത്തപ്പെട്ടു. 2023 ഓഗസ്റ്റ് 20 നു കാളാത്ത് ഇടവക പാരിഷ് ഹാളിൽ വെച്ചു നടത്തിയ പരിപാടിയിൽ ജനകീയനായ ഡോ. രാജീവിനെ ആദരിച്ചു. ആരോഗ്യ പരിപാലനത്തെ കുറിച്ച് ജനങ്ങൾക്ക് ബോധവത്കരണവും നൽകി.

**സജീവം പദ്ധതി**

**ബോധവത്കരണ ക്ലാസ്**

1.സജീവം ആന്റി ഡ്രഗ് ക്യാമ്പയിന്റെ ഭാഗമായി 2023 ഓഗസ്റ്റ് 6 ന് 'ക്യാമ്പസ് ക്യാമ്പയിൻ' സംഘടിപ്പിച്ചു. വാടയ്ക്കൽ ദൈവജന മാതാ ദേവാലയം, അറപ്പയ്ക്കൽ അമലോത്ഭവ മാതാ ദേവാലയം, പുന്നപ്ര സെന്റ് ജോസഫ് ഫൊറോനാ ദേവാലയം എന്നിവിടങ്ങളിലെ മതബോധന വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സും കെ.സി.വൈ.എം യുവജനങ്ങളുടെ നേതൃത്വത്തിലുള്ള മ്യൂസിക്കൽ സ്കിറ്റും നടത്തപ്പെട്ടു.

2. 2023 ഓഗസ്റ്റ് 13 ന് പുന്നപ്ര സെന്റ് ജോൺ മരിയ വിയാനി ദേവാലയത്തിൽ വെച്ച് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ആലപ്പുഴ 'ഡ്രീം' പദ്ധതിയുടെ സഹകരണത്തോടു കൂടി നടത്തിയ പരിപാടിയിൽ വിയാനി ദേവാലയത്തിലെ മുഴുവൻ മതബോധന വിദ്യാർത്ഥികളും പങ്കെടുത്തു.

**ആശാകിരണം കാൻസർ സുരക്ഷാ യജ്ഞം**

**ചികിത്സാ സഹായം**

ആശാകിരണം കാൻസർ സുരക്ഷ യജ്ഞത്തിന്റെ ഭാഗമായി ഓഗസ്റ്റ് മാസത്തിൽ ആലപ്പുഴ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 18 കാൻസർ രോഗികൾക്ക് ചികിത്സാ സഹായം നൽകി.

**കേശ ദാന ക്യാമ്പ്**

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി കാൻസർ രോഗികൾക്കായുള്ള വിഗ് നിർമ്മിക്കുന്നതിലേക്ക് സഹായിക്കുന്നതിനായി നടത്തിവരുന്ന കേശ ദാന ക്യാമ്പ് 2023 ഓഗസ്റ്റ് 13 ന് പൊള്ളേത്തൈ തിരുക്കുടുംബ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം യുവജനങ്ങളുടെ സഹകരണത്തോടു കൂടി നടത്തിയ പരിപാടിയിൽ മുപ്പത്തിയഞ്ചോളം യുവതികളും വിദ്യാർത്ഥിനികളും മുടി ദാനം ചെയ്തു മാതൃകയായി.

**പ്രഷ്യസ് ചിൽഡ്രൻ പ്രോഗ്രാം**

ആലപ്പുഴ രൂപതാ സൊസൈറ്റിയുടെ പഠന സഹായ പദ്ധതിയായ പ്രഷ്യസ് ചിൽഡ്രൻ പ്രോഗ്രാമിന്റെ ഭാഗമായി, സഹായത്തിന് അർഹരായ കുട്ടികളിൽ നിന്ന് ലഭ്യമാക്കേണ്ട ആശംസ കാർഡുകൾക്കായുള്ള പേപ്പറുകൾ അതാതു ഇടവകയിലെ വൈദികരുടെ സഹകരണത്തോടു കൂടി ശേഖരിച്ചു വരുന്നു.

**കാവൽ പദ്ധതി**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് സാമൂഹിക പരിരക്ഷ നൽകുന്നത്തിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണ് കാവൽ. ആലപ്പുഴ രൂപത സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിലൂടെ 46 കേസുകൾ നിലവിൽ കൈകാര്യം ചെയ്യുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ ജീവിത ചുറ്റുപാടുകൾ നേരിട്ട് മനസിലാക്കി

അവർക്കു വേണ്ട പിന്തുണ നൽകുന്ന ഈ പദ്ധതിയുടെ ഭാഗമായി 2023 ഓഗസ്റ്റ് മാസം 16 ഭവന സന്ദർശനങ്ങൾ നടത്തുകയുണ്ടായി.

**മാനസികപിന്തുണ:** പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും  മാനസിക പിന്തുണ ഉറപ്പാക്കുന്നതിനായി ഓഗസ്റ്റ് മാസം 7 കുട്ടികൾക്ക് വ്യക്തികഗത കൗൺസിലിങ്ങും 8 കുടുംബങ്ങൾക്ക് ഫാമിലി കൗൺസിലിങ്ങും അടിയന്തിര സാഹചര്യങ്ങളിൽ 6 കുട്ടികൾക്ക് ടെലി കൗൺസിലിങ്ങും ലഭ്യമാക്കി.

**വിദ്യാഭ്യാസസഹായം :** 3 കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് അവബോധം നൽകുകയും 2 പേർക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളെ പരിചയപ്പെടുത്തുകയും ചെയ്തു. വിദ്യാഭ്യാസം പൂർത്തിയാക്കാത്ത 3 കുട്ടികൾക്ക് SSLC, പ്ലസ്-2 തതുല്യ പരീക്ഷ എഴുതുന്നതിനാവശ്യമായ സഹായങ്ങളും ചെയ്തുകൊടുക്കാൻ സാധിച്ചു. ആലപ്പുഴ ജില്ലയിലെ വിവിധ പ്രൈവറ്റ് കോളേജുകളുടെയും, ഐ.ടി.ഐ പോലുള്ള തൊഴിലധിഷ്ഠിത സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടെ കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തു നൽകി.

**നിയമസഹായം:** കുട്ടികളുടെ കേസുമായി ബന്ധപ്പെട്ട് അവർക്കനുവദിച്ചിട്ടുള സൗജന്യ നിയമസഹായ സംവിധാനങ്ങളെ കുറിച്ച് 7 കുട്ടികൾക്കും മാതാപിതാക്കൾക്കും അവബോധം നല്കുകയും അവരുടെ സംശയങ്ങൾ പരിഹരിച്ചു നല്കുകയും ചെയ്തു.

**കാവൽ പ്ലസ് പദ്ധതി**

ലൈംഗിക അതിക്രമങ്ങൾ നേരിട്ടവരും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവരുമായ കുട്ടികൾക്കു വേണ്ടി സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ പ്ലസ്. ഈ പദ്ധതിയുടെ ഭാഗമായി 16 കുട്ടികളുടെ കേസുകൾ നിലവിൽ കൈകാര്യം ചെയ്യുന്നു.

ഓഗസ്റ്റ് മാസം 8 കുട്ടികളുടെ ഭവന സന്ദർശനം നടത്തുകയും 4 കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിങ്ങും 3 കുടുംബങ്ങൾക്ക്

ഫാമിലി കൗൺസിലിങ്ങും ലഭ്യമാക്കി., പദ്ധതിയിൽ ഉൾപ്പെട്ട 3 കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിനു വേണ്ട സഹായങ്ങൾ ചെയ്തു നൽകി. ഇത് കൂടാതെ മാനസികമായി ബുദ്ധിമുട്ട് നേരിടുന്ന 2 കുട്ടികളുടെ ചികിത്സയ്ക്ക് വേണ്ട ക്രമീകരണങ്ങളും ചെയ്തു കൊടുത്തു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ഇടവകകളിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ അൻപതോളം കുടുംബങ്ങളെ പുതുതായി തിരഞ്ഞെടുത്തു. 125 കുടുംബങ്ങളെ കൂടി ഒക്ടോബർ 15-ന് മുൻപ് അയക്കേണ്ടതുണ്ട്. ആയതിനാൽ എല്ലാ ഇടവകകളിൽ നിന്നും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു

കത്തീഡ്രൽ, സീവ്യു വാർഡ് എന്നിവിടങ്ങളിലെ നിലവിലുള്ള ഗുണഭോക്തൃ കുടുംബങ്ങൾക്കായി ക്ലസ്റ്റർ മീറ്റിംഗ് സംഘടിപ്പിക്കുകയും പദ്ധതിയെ കുറിച്ച് വിശകലനം ചെയ്യുകയും ചെയ്തു.

**ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ**
ഡയറക്ടർ, ADS
**ഫാ. സെബാസ്റ്റ്യൻ കുറ്റിവീട്ടിൽ**
അസിസ്റ്റന്റ് ഡയറക്ടർ, ADS

---

**"ജപമാല... അതാണ് എന്റെ ആയുധം"**

***- വി. പാദ്രേ പിയോ***

**"ജപമാല ഒരിക്കലും നിങ്ങളുടെ**
**കൈകളിൽ നിന്ന്**
**താഴെ വീഴാതിരിക്കട്ടെ."**

***- വി ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ***



# സുവിശേഷഭവൻ വാർത്തകൾ

## തിയോളജി ക്ലാസ്സ്

2023 സെപ്റ്റംബർ 9ന് കർമ്മസദൻ പാസ്റ്റർ സെന്ററിൽ വച്ച് തിയോളജി ക്ലാസ്സ് നടത്തപ്പെട്ടു. രാവിലെ 9 30ന് ബൈബിൾ കമ്മീഷൻ ആനിമേറ്റർമാരായ ശ്രീമതി ജാസ്മിൻ മാർട്ടിന്റെയും ജയ്മോൾ മാത്യുവിന്റെയും, ജാൻസി ഷാജിയുടെയും നേതൃത്വത്തിൽ രജിസ്ട്രേഷൻ ആരംഭിച്ചു. 3,4,5 ബാച്ചുകളിൽ നിന്നായി 54 പേർ ക്ലാസിൽ പങ്കെടുത്തു. രജിസ്ട്രേഷനോടൊപ്പം തന്നെ അഞ്ചാം ബാച്ചിൽ ചേർന്നവർക്ക് പഠിക്കാനുള്ള 33 ബുക്കും വിതരണം ചെയ്തു.

ക്ലാസിൽ പങ്കെടുത്തവരുടെ നേതൃത്വത്തിൽ ഈശ്വര പ്രാർത്ഥന നടന്നു. തുടർന്ന് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജസ്‌ലിൻ പുന്നയ്ക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശേഷം ബുക്ക് നമ്പർ രണ്ട് വിശുദ്ധ കൂദാശകൾ എന്ന പുസ്തകത്തെ ആസ്പദമാക്കി റവ.ഡോ. സെബാസ്റ്റ്യൻ ശാസ്താംപറമ്പിൽ വളരെ അർത്ഥവത്തായ രീതിയിൽ ക്ലാസ് നയിച്ചു. രണ്ടു മണി മുതൽ റവ. ഡോ. യേശുദാസ് കാട്ടുങ്കത്തയ്യിലിന്റെ ബുക്ക് നമ്പർ 30 ലാറ്റിൻ കാനോൻ നിയമസംഹിത എന്ന പുസ്തകത്തെ കുറിച്ചുള്ള ക്ലാസായിരുന്നു. നാലുമണിക്ക് നന്ദി പ്രകാശനത്തോടെ ക്ലാസ് അവസാനിച്ചു.

## KRLCBC Catechetical Diocesan Directors / Secretaries Training.

KRLCBC മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ ലത്തീൻ രൂപതകളിലെ മതബോധന ഡയറക്ടർമാരുടെയും സെക്രട്ടറിമാരുടെയും ഒരു ട്രെയിനിംഗ് പ്രോഗ്രാം സെപ്തംബർ 9 മുതൽ 11 വരെ എറണാകുളം ആശിർ ഭവനിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. റവ.ഫാ. ചാൾസ് ലിയോൺ നയിച്ച പ്രോഗ്രാമിൽ പ്രധാനമായും അടുത്ത 10 വർഷങ്ങളിൽ നമ്മുടെ

രൂപതകളിൽ നടപ്പിലാക്കേണ്ട മതബോധന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന രീതിയിലുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും വിശകലനം ചെയ്യുകയും ചെയ്തു. സ്ട്രാറ്റജിക് പ്ലാനിംഗ് എങ്ങനെ നടത്തണം എന്നതിനെക്കുറിച്ചാണ് ഈ ട്രെയിനിംഗിൽ പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. ഗ്രൂപ്പു ചർച്ചകളിലൂടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും ഒരു മതബോധന പ്ലാൻ എപ്രകാരം തയ്യാറാക്കണം എന്നതിനെക്കുറിച്ച് കൃത്യമായ അവബോധം നൽകപ്പെടുകയും ചെയ്തു. ആലപ്പുഴ രൂപതയെ പ്രതിനിധീകരിച്ച് മതബോധന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ശാസ്താംപറമ്പിൽ, രൂപത ആനിമേറ്റർമാരായ ശ്രീ. ജോബി, ശ്രീ. ബാബു അലക്സാണ്ടർ എന്നിവർ പങ്കെടുത്തു.

## CCBI Commission for Catechetics XIV National Catechetical Conference 2023

**CCBI** മതബോധനകമ്മീഷന്റെ 14-ാമത് നാഷണൽ കോൺഫറൻസ് സെപ്തംബർ 12 മുതൽ 14 വരെ എറണാകുളം ആശീർ ഭവനിൽ വച്ച് നടത്തപ്പെട്ടു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മതബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഡയറക്ടേഴ്സ്, സെക്രട്ടറീസ്, എന്നിവർ പങ്കെടുത്ത പ്രൗഢ ഗംഭീരമായ മീറ്റിംഗിൽ വരാപ്പുഴ ആർച്ച് ബിഷപ്പ് മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ, ഹസാരിബാഗ് ബിഷപ്പ് മോസ്റ്റ്. റവ. ഡോ. ആനന്ദ് ജോജോ, മിയാവോ ബിഷപ്പ് മോസ്റ്റ്. റവ. ഡോ. ജോർജ് പള്ളിപ്പറമ്പിൽ, റായ് ഗഡ് ബിഷപ്പ് മോസ്റ്റ്. റവ. ഡോ. അപ് ലിനർ സേനാപതി C. M എന്നിവരുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ഇന്നിന്റെ കാലഘട്ടത്തിൽ മുതിർന്നവർക്ക് മതബോധനത്തിൽ പ്രാഥമിക ശിക്ഷണം നൽകേണ്ടതിന്റെ പ്രസക്തി, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ മതബോധനത്തിന്റെ ചരിത്രപരമായ ദർശനം തുടങ്ങിയവ പഠന വിഷയങ്ങളായിരുന്നു. KRLCBC മീഡിയ കമ്മീ

ഷൻ സെക്രട്ടറി റവ. ഫാ. കപ്പിസ്താൻ ലോപ്പസിന്റെ നേതൃത്വത്തിൽ പള്ളിപ്പെരുന്നാൾ എന്ന പേരിൽ ഒരു കൾച്ചറൽ പ്രോഗ്രാം വളരെ മനോഹരമായി സംഘടിപ്പിക്കപ്പെട്ടു. കൂടാതെ കൊച്ചി രൂപതയുടെ നേതൃത്വത്തിൽ സാന്താക്രൂസ് ബസിലിക്കയിൽ പ്രത്യേകമായി എല്ലാവരെയും സ്വീകരിക്കുകയും യുവജനങ്ങളുടെയും മതബോധന കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ വർണ്ണാഭമായ കലാവിരുന്ന് അതിഥികൾക്കായി അവതരിപ്പിക്കുകയും സ്നേഹ സമ്മാനങ്ങൾ നൽകുകയും ചെയ്തു. ആലപ്പുഴ രൂപതയെ പ്രതിനിധീകരിച്ച് അസി.ഡയറക്ടർ റവ. ഫാ. ജസ്ലിൻ പുന്നയ്ക്കൽ, ആനിമേറ്റർമാരായ സിസ്റ്റർ സ്റ്റെല്ല സിമേന്തി, ശ്രീമതി. ജോളി റോബർട്ട് എന്നിവർ പങ്കെടുത്തു.

സ്നേഹപൂർവ്വം

**ഫാ. സെബാസ്റ്റ്യൻ ശാസ്താംപറമ്പിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം
ആലപ്പുഴ രൂപത

**ഫാ. ജെസ്ലിൻ പുന്നയ്ക്കൽ**
അസി.ഡയറക്ടർ, മതബോധനകേന്ദ്രം
ആലപ്പുഴ രൂപത

**"ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ സഹായിക്കാൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മൾ അവർക്കായി ജപമാല ചൊല്ലണം എന്തെന്നാൽ ജപമാല അവർക്ക് വലിയ ആശ്വാസം നൽകുന്നു."**

***– വി അൽഫോൻസ് ലിഗോരി***



# ഹെൽത്ത് കമ്മീഷൻ വാർത്തകൾ

ഹെൽത്ത് കമ്മീഷന്റെ നേതൃത്വത്തിൽ 2023 സെപ്റ്റംബർ 3 ന് ചെറിയപൊഴി മരിയഭവനിലും കലവൂർ സ്നേഹഭവനിലും പ്രസന്റേഷൻ ആരാമിലും പ്രാർത്ഥന ശുശ്രൂഷയും ബോധവത്ക്കരണ ക്ലാസുകളും രോഗപരിശോധനയും സംഘടിപ്പിച്ചു. ഡോ. സി. ക്രിസ്റ്റീന ജോൺ, ഡോ. കെ.എസ്. മനോജ് എന്നിവരുടെ നേതൃത്വത്തിൽ ഡോ. അരുൺ, ഡോ. റേച്ചൽ അലക്സാണ്ടർ എന്നിവർ ബോധവത്ക്കരണ ക്ലാസുകൾ നയിച്ചു. ബഹു. സിസ്റ്റേഴ്സ് പ്രീതി ജോസഫ്, ജെസ്സി ഫിലിപ്പ്, ആൻസി മേരി എന്നിവർ പ്രാർത്ഥന ശുശ്രൂഷ നടത്തി. ആദരണീയരായ ഡോക്ടേഴ്സ് കെ.എസ്. മനോജ്, പ്രവീൺ നൈനാൻ, റേച്ചൽ, അനിൽ വിൻസെന്റ്, ബിൻസി കുഞ്ഞപ്പൻ, അരുൺ, നവീൻ, മോബി, ഡോ. സിസ്റ്റേഴ്സ് ഗ്രെറ്റ മൈക്കിൾ, ലൂസി തോമസ്, ജെസ്സി ഫിലിപ്പ് എന്നിവർ രോഗി പരിശോധന നടത്തി. സിസ്റ്റേഴ്സ് റ്റെസിന, ആൻസി മേരി, സൗമ്യ, പ്രീതി എന്നിവരുടെ നേതൃത്വത്തിൽ നേഴ്സുമാരും രോഗപരിചരണം നടത്തി. “ദാനമായി നിങ്ങൾക്കുകിട്ടി ദാനമായി തന്നെ കൊടുക്കുവിൻ” (വി. മത്തായി 8:10) എന്നരുൾചെയ്ത യേശുനാഥന്റെ കാൽപ്പാടുകളെ പിഞ്ചെന്നുകൊണ്ട് തങ്ങളുടെ സമയവും കഴിവുകളും ആരോഗ്യവും ആലംബഹീനരായ ഈ സഹോദരങ്ങൾക്കായ് സ്നേഹത്തോടെയും സമർപ്പണത്തോടെയും നൽകുന്ന ഈ സ്ഥാപനങ്ങളിലെ മേൽനോട്ടക്കാരായ സിസ്റ്റേഴ്സ് ട്രീസാ തോമസ്, റിറ്റ ജോസ്, എൽസി, അവരുടെ സഹായികളായ മറ്റ് എല്ലാ സിസ്റ്റേഴ്സിനും പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു. തങ്ങളുടെ വിലപ്പെട്ട സമയം ഈ രോഗികൾക്കുവേണ്ടി പങ്കുവെച്ച് നൽകിയ എല്ലാ ഡോക്ടേഴ്സിനും നേഴ്സുമാർക്കും ദൈവാനുഗ്രഹവും ആയുരാരോഗ്യവും സൗഖ്യദായകനായ ഈശോയുടെ നാമത്തിൽ നേരുന്നു.

**സി. ഡോ. ക്രിസ്റ്റീന ജോൺ പനയ്ക്കൽ**

ഡയറക്ടർ, ഹെൽത്ത് കമ്മീഷൻ

# കമ്മീഷൻ ഫോർ ചിൽഡ്രൻ വാർത്തകൾ

## ആലാപ് - A L A P
## സംഗീത പരിശീലന ക്യാമ്പ്

സംഗീതത്തിൽ അഭിരുചിയുള്ള കുട്ടികൾക്കായി ആലപ്പുഴ രൂപതാ കമ്മീഷൻ ഫോർ ചിൽഡ്രന്റെ ആഭിമുഖ്യത്തിൽ സംഗീത പരിശീലന ക്യാമ്പ് 'ആലാപ്' കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ആലപ്പുഴ രൂപതാ P.R.O. റവ. ഫാ. സേവ്യർ കുടിയാംശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു. കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവ് ശ്രീ. ജോയ് സാക്സ് മുഖ്യാതിഥി ആയിരുന്നു. ശ്രീ. ജോയ് സാക്സിനെ ക്യാമ്പിൽ ആദരിച്ചു. തുടർന്ന് അദ്ദേഹം യേശുദാസ്, ചിത്ര, വേണുഗോപാൽ, കെസ്റ്റർ, മർക്കോസ് തുടങ്ങിയവർ എപ്രകാരമാണ് സംഗീത മേഖലയിൽ സ്ഥിരപരിശ്രമത്തിലൂടെ കടന്നുവന്നതെന്നതിനെക്കുറിച്ചും സംഗീത ഉപകരണങ്ങളെക്കുറിച്ചും കുട്ടികൾക്ക് ക്ലാസ് എടുത്തു. കുട്ടികളുടെ കമ്മീഷൻ രൂപത ഡയറക്ടർ ശ്രീ. ജോസ് ആന്റണി അദ്ധ്യക്ഷം വഹിച്ചു. സുവിശേഷ ഭവൻ ഡയറക്ടർ ഫാ. സെബാസ്റ്റിൻ ശാസ്താംപറമ്പിൽ, ശ്രീ. സ്വാമിനാഥ മോഹൻ, സിസ്റ്റർ മിനി മൈക്കിൾ, സിസ്റ്റർ സോണിയ, സിസ്റ്റർ മാർഗ്ഗരറ്റ് കാക്കശ്ശേരിൽ എന്നിവർ ആശംസകൾ നേർന്നു. രൂപതയുടെ വിവിധ സ്ഥലങ്ങളിൽ നിന്നായി നൂറ്റിപത്ത് കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**സി. സോണിയ**
സെക്രട്ടറി, തിരുബാലസഖ്യം
ആലപ്പുഴ രൂപത

**ശ്രീ. ജോസ് ആന്റണി**
ഡയറക്ടർ,
കമ്മീഷൻ ഫോർ ചിൽഡ്രൻ
Ph- 9400140107

## കെസിവൈഎം വാർത്തകൾ

### കാഹളം 2023

യുവജ്യോതി കെ.സി.വൈ.എം ആലപ്പുഴ രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ മുന്നോടിയായി കാഹളം 2023 എന്ന പേരിൽ മേഖലാസംഗമം നടത്തപെട്ടു. സെപ്റ്റംബർ 6 ന് മധ്യമേഖല സംഗമവും സെപ്റ്റംബർ 17 ന് തെക്കൻ മേഖല, വടക്കൻ മേഖല സംഗമങ്ങളും നടത്തപ്പെട്ടു. സംഘടനാ പഠനം, പുതു തലമുറയും വെല്ലുവിളികളും, തീരദേശം വളർച്ചയും തളർച്ചയും എന്നീ വിഷയങ്ങളിൽ യുവജനങ്ങൾക്കായി ക്ലാസ്സുകളും സെമിനാറുകളും നടത്തി.

കാഹളം വൻ വിജയമാക്കി തീർത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ഉത്തേജനമായി, പിന്തുണ നൽകി വിജയിപ്പിച്ച യൂണിറ്റ് ഡയറക്ടർമാർക്കും ,മേഖല പ്രസിഡന്റ്, യൂണിറ്റ് നേതാക്കൾ, അനിമേറ്റർ സിസ്റ്റർസ്, ലേ അനിമേറ്റർസ്, എന്നിവർക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**ശ്രീ. പോൾ ആന്റണി**
പ്രസിഡന്റ്, കെസിവൈഎം
ആലപ്പുഴ രൂപത

**ഫാ. തോമസ് മാണിയാപൊഴിയിൽ**
ഡയറക്ടർ, കെസിവൈഎം
ആലപ്പുഴ രൂപത

**"ബുദ്ധിയും പഠനവും ആയുധമാക്കുന്നവർക്ക് ജപമാല ഏറ്റവും ഫലപ്രദമാണ്."**

– *വി. ജോസ്മരിയ എസ്ക്രിവ*



# ബൈബിൾ കമ്മീഷൻ വാർത്തകൾ

## ലെക്ടേഴ്സ് ട്രെയിനിംഗ്

2023 സെപ്റ്റംബർ രണ്ടാം തീയതി കർമ്മസദൻ പാസ്റ്ററിൽ വച്ച് ലെക്ടേഴ്സ് ട്രെയിനിംഗ് നടത്തപ്പെട്ടു. രാവിലെ 9. 30 ന് കോഡിനേറ്റർ ശ്രീമതി ജാസ്മിൻ മാർട്ടിൻ, ശ്രീ. തങ്കച്ചൻ ഈരേശ്ശേരിയിൽ എന്നിവരുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ ആരംഭിച്ചു. 105 പേർ പങ്കെടുത്തു. വായനാ പരിശീലന ക്ലാസ്സിലെ പാർട്ടിസിപ്പിന്റായ മാരാരിക്കുളത്തെ ശ്രീമതി മാർഗരറ്റിന്റെ നേതൃത്വത്തിലുള്ള ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം അസി. ഡയറക്ടർ ജസ്‌ലിൻ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ബൈബിൾ കമ്മീഷൻ രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ ശാസ്താംപറമ്പിലച്ചൻ ക്ലാസ് എടുക്കാൻ വന്ന റവ. ഡോ. ജേക്കബ് പ്രസാദ് അച്ചനെ എല്ലാവർക്കും പരിചയപ്പെടുത്തി. ശേഷം ജേക്കബ് പ്രസാദ് അച്ചൻ ക്ലാസ്സ് നയിച്ചു. സഭയിൽ അൽമായ പ്രേഷിതത്തിന്റെ പ്രാധാന്യം എന്നതായിരുന്നു ജേക്കബ് അച്ചന്റെ ക്ലാസ്സിന്റെ വിഷയം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അല്മായ പ്രേഷിതത്വം എന്ന ഡിക്രി റഫർ ചെയ്താണ് അച്ചൻ അന്നേദിനം ക്ലാസ് എടുത്തത്. പരിശുദ്ധാത്മാവിനെ വിളിയോട് ചെവി കൊടുക്കാനും ക്രിസ്തുവുമായി അഭേദ്യമായി ഐക്യപ്പെട്ടിരിക്കാനും അവിടുത്തെ പ്രേഷിത സഹകാരികൾ തയ്യാറായിരിക്കാൻ കൗൺസിൽ അൽമായരെ ഉദ്ബോധിപ്പിക്കുന്നു എന്ന് അച്ചൻ പഠിപ്പിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിന് 20 വർഷങ്ങൾക്ക് ശേഷം അൽമായർക്ക് സഭയിലും ലോകത്തിലുള്ള വിളിയും ദൗത്യവും എന്ന അപ്പോസ്ഥലിക ആഹ്വാനത്തെക്കുറിച്ചും വളരെ വിശദമായി അച്ചൻ പഠിപ്പിച്ചു. 4 മണി വരെ ജേക്കബ് പ്രസാദച്ചൻ ക്ലാസ്സ് നയിച്ചു. നന്ദി പ്രകാശനത്തോടെ ക്ലാസ്സ് അവസാനിച്ചു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ശാസ്താംപറമ്പിൽ**
ഡയറക്ടർ, ആലപ്പുഴ രൂപത ബൈബിൾ കമ്മീഷൻ
**ഫാ. ഫ്രാൻസിസ് കൊടിയനാട്**
ഡയറക്ടർ, ആലപ്പുഴ രൂപത ലിറ്റർജി കമ്മീഷൻ

## *ഫാമിലി അപ്പോസ്തലേറ്റ് വാർത്തകൾ*

ഓഗസ്റ്റ് മാസത്തിലെ രണ്ടാമത്തെ മാര്യേജ് കോഴ്സിൽ 15 ആൺകുട്ടികളും 19 പെൺകുട്ടികളും ഉൾപ്പടെ 34 പേർ പങ്കെടുത്തു. ഞായറാഴ്ച നടത്തിയ മാതാപിതാക്കൾക്കായുള്ള ക്ലാസ്സിൽ 43 പേർ പങ്കെടുത്തു.

സെപ്റ്റംബർ മാസത്തിലെ ആദ്യത്തെ മാര്യേജ് കോഴ്സിൽ 11 ആൺകുട്ടികളും 13 പെൺകുട്ടികളും ഉൾപ്പടെ 24 പേർ പങ്കെടുത്തു. ഞായറാഴ്ച നടത്തിയ മാതാപിതാക്കൾക്കായുള്ള ക്ലാസ്സിൽ 34പേർ പങ്കെടുത്തു.

**ഒക്ടോബർ മാസത്തെ കോഴ്സ് ഡേറ്റുകൾ:**
**ഒക്ടോബർ 13,14,15 & 27,28,29**

**ഫാ. ക്രിസ്റ്റഫർ എം. അർത്ഥശ്ശേരിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

---

**"നമ്മുടെ കർത്താവിനെക്കുറിച്ചും അവന്റെ**
**മൗതിക ശരീരത്തെക്കുറിച്ചും ഉള്ള**
**അറിവിന്റെ പൂർണ്ണതയിലേക്ക്**
**ആരെയെങ്കിലും നയിക്കാൻ നിങ്ങൾ**
**ആഗ്രഹിക്കുന്നുവെങ്കിൽ,**
**അവനെ ജപമാല പഠിപ്പിക്കുക."**

***– വന്ദ്യനായ ബിഷപ് ഫുൾട്ടൻ ജെ ഷീൻ***



*കെ.എൽ.സി.എ. വാർത്തകൾ*

# ജന്തർമന്ദർ, മുതലപ്പൊഴി സമരങ്ങൾ

കെ എൽ സി എ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മണിപ്പൂർ കലാപങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ജൂലൈ 29 ന് ഡൽഹി ജന്തർമന്ദറിലും, വാഗ്ദാനങ്ങൾ ഒന്നും തന്നെ പാലിക്കാത്തതിൽ പ്രതിഷേധിച്ചു കൊണ്ട് സെപ്റ്റംബർ 17ന് മുതലപ്പൊഴിയിലും നടന്ന പ്രതിഷേധ സമരത്തിൽ ആലപ്പുഴ രൂപതയെ പ്രതിനിധീകരിച്ച് രൂപത സമിതി അംഗങ്ങളും മറ്റു ഫെറോനാ ഭാരവാഹികളും പങ്കെടുക്കുകയുണ്ടായി. ജന്തർമന്ദർ സമരത്തിൽ ഫാ.വി.പി. ജോസഫ് വലിയവിട്ടിൽ, രൂപത പ്രസിഡന്റ് ശ്രീ. ജോൺബ്രിട്ടോ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബിജു ജോസി, സംസ്ഥാന സെക്രട്ടറി ശ്രീ. സാബു വി. തോമസ്, രൂപതാ സമിതി അംഗങ്ങളായ ശ്രീ. ഐസക്ക് ജെയിംസ്, ശ്രീ. തോമസ് കണ്ടത്തിൽ എന്നിവർ പങ്കെടുത്തു. മുതലപ്പൊഴി സമരത്തിൽ രൂപത ജനറൽ സെക്രട്ടറി ശ്രീ. സന്തോഷ് കൊടിയനാട്, രൂപത ട്രഷറർ ശ്രീ. തങ്കച്ചൻ തെക്കേപാലക്കൽ, രൂപതാ സമിതി അംഗങ്ങളായ ശ്രീ. കുഞ്ഞുമോൻ ചേനപ്പറമ്പിൽ, ശ്രീ. തോമസ് കണ്ടത്തിൽ, ഫെറോന ഭാരവാഹികളായ ശ്രീ. ടൈറ്റസ് കുന്നേൽ, ശ്രീ. രവിമാത്യു പഴയകാട്ടിൽ എന്നിവർ പങ്കെടുത്തു.

**ഫാ. ജോൺസൺ പുത്തൻവീട്ടിൽ**
ഡയറക്ടർ
കെഎൽസിഎ, ആലപ്പുഴ രൂപത

**സന്തോഷ് കൊടിയനാട്**
ജനറൽ സെക്രട്ടറി
കെഎൽസിഎ, ആലപ്പുഴ രൂപത

# സ്നേഹ സമൂഹം

## കുടുംബങ്ങളുടെ കൂട്ടായ്മ

## സിനഡാത്മക സഭ

*ബുള്ളറ്റിൻ 328* 'നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും' ഒക്ടോബർ 2023



**സ്വാഗതം**

**ഗാനം**

**ബൈബിൾപ്രതിഷ്ഠ**

**യേശുവിനെ ക്ഷണിക്കൽ**

വചന വായന

**ലൂക്കാ 1 : 30–38**

വചന വിശകലനം :

1. മാലാഖ, മറിയത്തെ അഭിസംബോധന ചെയ്യുന്നതും ഉറപ്പു നൽകുന്നതുമെങ്ങിനെ?
2. മറിയത്തിന്റെ ചോദ്യവും മാലാഖ യുടെ മറുപടിയുമെന്ത്?
3. 37–ാം വചനത്തിലെ മാലാഖയുടെ മറുപടി

**വചനവായനയ്ക്ക് ആമുഖം :**
വിശ്വാസത്തോടെ ദൈവകരങ്ങളിൽ പരിപൂർണ്ണമായി സ്വയം സമർപ്പിക്കുന്ന വലിയ വിശ്വാസ മാതൃകയാണ് മറിയത്തിൽ നാം കാണുന്നത്. ദൈവപുത്രന്റെ രക്ഷാകര കർമ്മത്തിൽ പങ്കുചേരുന്നതോടെ ഈ രഹസ്യം കൂടുതൽ ആഴപ്പെടുന്നു. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ വാക്കുകളിൽ "തന്റെ പുത്രനോട് ഐക്യപ്പെട്ടുകൊണ്ട് കുരിശിനു ചുവട്ടിൽ വരെ എത്തുന്ന ഒരു ജീവിതയാത്രയിൽ വിശ്വാസ സ്ഥിരതയോടെ മറിയം നിലകൊണ്ടു.'' ജപമാലയുമേന്തി കൂട്ടായ്മകളിലേക്കും ദേവാലയത്തിലേക്കും പ്രാർത്ഥനാപൂർവം ഒരുമിച്ചെത്തുന്ന നമുക്കു ദിവ്യകാരുണ്യ ഭക്തിയിലും ശക്തിയിലും സ്ഥിരതയോടെ നിലകൊള്ളാൻ മാതാവിനെ മാതൃകയാക്കാം.

## വിഷയാവതരണവും ചർച്ചയും – "ദിവ്യകാരുണ്യ കോൺഗ്രസ്സ്"

ദിവ്യകാരുണ്യത്തിലെ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിധ്യത്തിലുള്ള

ദിവ്യകാരുണ്യവുമായെ ങ്ങിനെ ബന്ധപ്പെടുന്നു.?

4.മാതാവിന്റെ പ്രത്യുത്തരം ദിവ്യകാരുണ്യ സ്വീകരണ സമയത്തുവിശ്വാസിയുടെ ആമ്മേൻ എന്ന ഏറ്റുപറച്ചിലുമായി എപ്രകാരം ഒത്തു ചേരുന്നു.?

**സ്വയംപ്രേരിത പ്രാർത്ഥന**

**വിഷയാവതരണം,**

**ചർച്ച,**

**പ്രവർത്തനം രൂപപ്പെടു ത്തൽ, മുൻമാസ പ്രവർത്തനങ്ങൾ വിശദീകരണം,**

**റിപ്പോർട്ട് വായന,**

**അറിയിപ്പുകൾ,**

വിശ്വാസമാണ് ക്രൈസ്തവ വിശ്വാസ ത്തിന്റെ കേന്ദ്രം. പരിശുദ്ധ അമ്മയോ ടുള്ള ബന്ധം ഈ വിശ്വാസത്തിൽ വള രാൻ നമ്മെ സഹായിക്കുന്നു. ഭാഗ്യസ് മരണാർഹനായ ജോൺപോൾ രണ്ടാ മൻ പാപ്പ “എക്ലെസിയ ദെ യുക്കരി സ്തിയ” എന്ന ചാക്രിക ലേഖനത്തി ന്റെ ഒരധ്യായം മുഴുവൻ ഈ വിഷയം പഠിപ്പിക്കുവാൻ മാറ്റിവെച്ചിരിക്കുന്നു. “മറിയം പരിശുദ്ധ കുർബാനയുടെ സ്ത്രീ” എന്നാണ് പാപ്പ വിളിക്കുന്നത്. മറിയത്തിന് നമ്മുടെ കരങ്ങൾ ചേർത്തു പിടിച്ചുകൊണ്ട് പരിശുദ്ധ കുർബാനയി ൽ സന്നിഹിതനായ ക്രിസ്തുവിലേക്ക് നമ്മെ നയിക്കുവാൻ സാധിക്കും. ക്രി സ്തുവിലേക്ക് ചാഞ്ഞിരിക്കുന്ന മറിയ ത്തിന്റെ ഹൃദയം സൂചിപ്പിച്ചുകൊണ്ടാ ണ് മറിയത്തെ ദിവ്യകാരുണ്യത്തിന്റെ നാഥ എന്നു പാപ്പ വിശേഷിപ്പിക്കുന്നത്. ദിവ്യകാരുണ്യം ഒരു വിശ്വാസ രഹസ്യ മാണ്. ആ അർത്ഥത്തിൽ മാനുഷിക ബുദ്ധികൊണ്ട് ഒരിക്കലും അത് മനസ്സിലാക്കാൻ സാധിക്കില്ല. ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന ക്രിസ്തുനാഥന്റെ കൽപ്പന നമ്മളെ ബുദ്ധിയു ടെയും ആലോചനകളുടെയും എല്ലാ തലങ്ങളെയും മാറ്റിവെച്ചു കൊണ്ട് അവിടുത്തെ സ്നേഹത്തിന്റെ കല്പനയ്ക്ക് സ്വയം സമർ പ്പിക്കുവാൻ ക്ഷണിക്കുകയാണ്. ഇതേ ആഹ്വാനമാണ് കാനായി ലെ കല്യാണവിരുന്നിൽ മറിയവും നമുക്ക് തരുന്നത് : “അവൻ പറ യുന്നത് ചെയ്യുക.” (യോഹ. 2/5)

ക്രിസ്തുനാഥൻ വെള്ളം വീഞ്ഞാക്കിയതുപോലെ, വെറും അപ്പ വും വീഞ്ഞും തന്റെ തിരുശരീരരക്തങ്ങളാക്കി മാറ്റുവാൻ ക്രിസ്തു വിന് സാധിക്കും. മറിയത്തിന്റെ വാക്കുകൾക്ക് നാം ചെവി കൊടു

ക്കുമ്പോൾ അൾത്താരയിൽ നടക്കുന്ന ഈ അത്ഭുതം നമുക്ക് സ്വീകാര്യമായി മാറുന്നു.

മനുഷ്യാവതാരം ചെയ്യുന്ന ദൈവവചനത്തിന് തന്റെ തിരുവുദരം ദാനമായി സമർപ്പിക്കുക വഴി, പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ സ്ഥാപനത്തിന് മുമ്പേ മറിയം ദിവ്യകാരുണ്യവിശ്വാസം ജീവിക്കുന്നതായി നാം തിരിച്ചറിയുന്നു. മംഗളവാർത്തയിൽ മറിയം ദൈവകുമാരനെ ഉദരത്തിൽ സ്വീകരിക്കുന്ന നിമിഷത്തിൽ, ദിവ്യകാരുണ്യം സ്വീകരിക്കുന്ന അനുഭവം അവൾ സ്വന്തമാക്കുന്നു. മാലാഖയോട് മറിയം കൊടുക്കുന്ന സമ്മതവും ദിവ്യകാരുണ്യം സ്വീകരിച്ച് ഓരോ വിശ്വാസിയും ഉച്ചരിക്കുന്ന 'ആമേനും' ഒരേ തരത്തിലുള്ള വിശ്വാസപ്രകടനങ്ങളാണ്. ആമേൻ എന്ന് പറയുക വഴി ദിവ്യകാരുണ്യത്തിൽ ക്രിസ്തുനാഥന്റെ സാന്നിധ്യത്തിലുള്ള വിശ്വാസം നാം പ്രഘോഷിക്കുകയാണ് ചെയ്യുന്നത്. സഭയ്ക്ക് ദിവ്യകാരുണ്യത്തിലുള്ള വിശ്വാസത്തിന്റെ മാതൃക പരിശുദ്ധ മറിയത്തിന്റെ മംഗള വാർത്തയിലുള്ള സമർപ്പണത്തിൽ നിഴലിക്കുന്നതായി നാം മനസിലാക്കുന്നു.

**ചർച്ചയ്ക്കു സഹായകമാകുന്ന ചോദ്യങ്ങൾ :** *(1) ജപമാല മാസാചരണം ദിവ്യകാരുണ്യത്തിലേക്കുള്ള വളർച്ചയാക്കാൻ എന്തൊക്കെ ചെയ്യാം? (2) രൂപതയിൽ ഒരുങ്ങുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിലേക്ക് ഇടവകയുടെ മുന്നൊരുക്കമെന്തെല്ലാമായിരിക്കണം? (3) ഇടവകതലത്തിൽ കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ, പ്രായമായവർക്കും രോഗികൾക്കുമായുള്ള ഏകദിന ദിവ്യകാരുണ്യ പ്രബോധന ധ്യാനത്തിലേക്ക് എല്ലാവരേയും പങ്കെടുപ്പിക്കാൻ എന്തൊക്കെ ചെയ്യാം? (4) ജപമാലമാസ സമാപനത്തിൽ ഇടവകയിൽ അജപാലന ശുശ്രൂഷാസമിതി പ്രവർത്തനസജ്ജമാക്കാൻ കൂട്ടായ്മയുടെ സഹകരണമെന്തെല്ലാമാണ്?*

**ഫാ. ജോൺസൺ പുത്തൻവീട്ടിൽ, ബി.സി.സി. ഡയറക്ടർ, കർമസദൻ പാസ്റ്ററൽ സെന്റർ, ആലപ്പുഴ - 688 001 Mob: 9497220737**



സംഗീതത്തിൽ അഭിരുചിയുള്ള കുട്ടികൾക്കായി ആലപ്പുഴ രൂപത കമ്മീഷൻ ഫോർ ചിൽഡ്രന്റെ ആഭിമുഖ്യത്തിൽ കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സംഗീത പരിശീലന ക്യാമ്പ് ആലാപ് ആലപ്പുഴ രൂപത PRO റവ.ഫാ. സേവ്യർ കുടിയാംശ്ശേരി ഉദ്ഘാടനം ചെയ്യുന്നു.

കെ എൽ സി എ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മണിപ്പൂർ കലാപങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ജൂലൈ 29 ന് ഡൽഹി ജന്തർമന്ദറിൽ നടന്ന പ്രതിഷേധത്തിൽ ആലപ്പുഴ രൂപത നേതൃത്വം.




## കാഹളം 2023 ചിത്രങ്ങളിലൂടെ...



Vol. 91
No. 10

October
2023



"When people love and recite the Rosary they find it makes them better."

St. Anthony Mary Claret

Printed and Published by Fr Thobias Thekkepalakal
at St Antony's Orphanage Press, Alleppey.
Editor: Fr Jobin Joseph Panackal
Cover: Fr Joy Puthenveettil & Salichan Thottunkal
Type Setting & Layout: Manoj Peter, Sherly Joby